**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5637

29.07.2015-ൽ മറുപടിയ്ക്ക്

## മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .പി.എ.മാധവൻ :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ.ആർ.സെൽവരാജ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പിൽ മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) എക്സൈസ് വകുപ്പിന് കീഴിലുള്ള ലൈസൻസ് സ്ഥാപനങ്ങളിൽ കൂടി വിൽക്കുന്ന മദ്യം ഉടനടി പരിശോധന നടത്തി ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുക, കള്ള്/മദ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് തൽസമയം പരിശോധിക്കുന്നതിലൂടെ മദ്യത്തിൽ മായം ചേർക്കൽ, കള്ള്/മദ്യത്തിന്റെ വ്യാപനം എന്നിവ തടയൽ, മായം ചേർന്ന മദ്യം വിൽക്കുന്ന ലൈസൻസികൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | |
|---|---|
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) 2013-2014 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് തെക്കൻ മേഖലയ്ക്കായി ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് ആരംഭിക്കുകയും ആയതിലേയ്ക്കായി ഒരു ലാബ് അസിസ്റ്റന്റിനെയും, ഒരു ജൂനിയർ സയന്റിഫിക്ക് ഓഫീസറുടെയും തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. ടി ലാബ് നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷം എറണാകുളം ജില്ല കേന്ദ്രീകരിച്ച് മധ്യമേഖലയിലും കോഴിക്കോട് ജില്ല കേന്ദ്രീകരിച്ച് ഉത്തരമേഖലയിലും സമാനമായ ഓരോ ലാബ് തുടങ്ങുന്നതിന് പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപ (മധ്യമേഖലയ്ക്ക് വേണ്ടി വാങ്ങിയ മിനി ബസിന്റെ ഫാബ്രിക്കേഷൻ വർക്കിനും, കെമിക്കൽ വാങ്ങുന്നതിനുമായി 29 ലക്ഷം രൂപയും, കോഴിക്കോട് കേന്ദ്രീകരിച്ച് ഉത്തരമേഖലയ്ക്ക് വേണ്ടി ലാബ് ആരംഭിക്കുന്നതിന് മിനിബസ് വാങ്ങുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 21 ലക്ഷം രൂപയും) വകയിരുത്തുകയും, ടി തുക ഉപയോഗപ്പെടുത്തി മധ്യമേഖല കേന്ദ്രീകരിച്ചുള്ള ഒരു മൊബൈൽ ലാബിന്റെ സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ആയതിലേയ്ക്ക് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള |

നടപടികൾ നടന്ന് വരുന്നു. കൂടാതെ ഉത്തരമേഖല കേന്ദ്രീകരിച്ചുള്ള മൊബൈൽ ലാബിനുവേണ്ടി ഒരു മിനിബസ് വാങ്ങിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം (2015-16) കോഴിക്കോട് ജില്ല കേന്ദ്രീകരിച്ച് വടക്കൻമേഖലയ്ക്കായി ഒരു മൊബൈൽ ലാബ് സജ്ജീകരിക്കുന്നതിന് വേണ്ടി വാങ്ങിയ മിനിബസിന്റെ ഫാബ്രിക്കേഷൻ വർക്കിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയിനത്തിൽ 40 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.